# അമേരിക്കൻ കഥകൾ

## മിനികഥകൾ മുപ്പത്തി എട്ട്

ജോയിക്കുട്ടി, ഡിട്രോയിറ്റ്

അന്നച്ചി, മുൻ കഥയുടെ തുടർച്ചയായിട്ടാണ് ഇപ്പോൾ പറയാൻ പോകുന്നത്. ആദ്യത്തെ ഏതാനം ദിവസങ്ങൾ മാത്രം സ്വർണ്ണമ്മ അവളുടെ കിടപ്പു മുറിയുടെ കതകിന് അകത്തു നിന്ന് പൂട്ട് ഇട്ടുള്ളു. പിന്നീടുള്ള ഒരു ദിവസവും അങ്ങിനെ ചെയ്തില്ല. അയാൾ വളരെ മാന്യനാണെന്ന് അവൾക്കു മനസ്സിലായി. എല്ലാ ദിവസവും അതിരാവിലെ, അവൾ എഴുന്നേൽക്കുന്നതിന് മുമ്പായി അയാൾ എഴുന്നേറ്റ് പ്രഭാത ഭക്ഷണങ്ങൾ എല്ലാം ഉണ്ടാക്കി കഴിഞ്ഞാലേ അവൾ എഴുന്നേൽക്കാറുള്ളു. അമേരിക്കയിൽ താമസിക്കുന്ന മിക്കവാറും എല്ലാ കുടുംബംഗങ്ങളിലും പ്രഭാത ഭക്ഷണം ബ്രഡും മുട്ടയുമായിരിക്കും. പ്രത്യേകിച്ച് ഭാര്യയും ഭർത്താവും ജോലിക്കാരാണെങ്കിൽ. അതും എത്രയും പെട്ടന്ന് ചെയ്തു തീർക്കാവുന്ന വിധം. ചില ആളുകൾ പ്രഭാത ഭക്ഷണം ഒന്നും കഴിക്കാതെയാണ് തുടക്കം. ഇവിടെ തിന്നാനും കുടിക്കാനും കഴിക്കാനുമൊന്നും ആളുകൾക്ക് സമയമില്ല; അവക്ക് രാപകലില്ലാതെ ജോലി ചെയ്യണമെന്ന ചിന്ത മാത്രം. ഊണിലും ഉറക്കത്തിലും ജോലി മാത്രം ചിന്ത.

എന്നാൽ സഖറിയായെ സംബന്ധിച്ച് എല്ലാ ദിവസവും കാലത്ത് കേരളത്തിലെ പോലെ ഉള്ള ഭക്ഷണങ്ങളാണ്. അതും ഓരോ ദിവസവും വ്യത്യസ്തമായ ഓരോന്നാണ്. ഒരു ദിവസം ഇഡ്ഡലി ആണെങ്കിൽ, അടുത്ത ദിവസം പുട്ട്, പിന്നെ ദോശ, പാലപ്പം, വെള്ളേപ്പം. സ്വർണ്ണമ്മയുടെ വീട്ടിൽ കേരളത്തിൽ പോലും ഇങ്ങിനെ കഴിക്കാൻ അവൾക്കു സാധിച്ചിട്ടില്ല. ഉച്ചയ്ക്കും ചോറിന്റെ കൂടെ വ്യത്യസ്തങ്ങളായ കറികൾ. ചില ദിവസം അയാൾ നല്ല ഒന്നാം തരം ബിരിയാണിയും ഉണ്ടാക്കും. അങ്ങിനെ സ്വാദേറിയ ഭക്ഷണങ്ങൾ അവളുടെ ജീവിതത്തിൽ ആദ്യമായി കഴിക്കാൻ തുടങ്ങി. രണ്ടു പേരും ജോലിക്കു പോകുമ്പോൾ ഉച്ചയ്ക്കുള്ള ഭക്ഷണം കൂടെ കയ്യിൽ കൊണ്ടു പോകും. അയാളാണ് അതെല്ലാം അവളുടെ പാത്രത്തിൽ കൊടുത്തു വിടുന്നത്. ഉച്ച സമയത്ത് പാത്രം തുറക്കുമ്പോൾ കൊതിയേറുന്ന രുചികരമായി അയാൾ വെച്ചിരിക്കും. കൂടാതെ ജോലി സമയത്തു കുടിക്കാനായി തെർമോസിൽ ചൂടു ചായയും കൊടുത്തു വിടും. ചോറും കറികളും അതു പോലെ ചൂടു മാറാതെ തെർമോസിൽ തന്നെയാണ് രണ്ടു പേരും കൊടുണ്ടു പോകുന്നത്. വൈകുന്നേരം അവൾ ജോലി കഴിഞ്ഞു വരുമ്പോഴേക്കും അയാൾ നല്ല ഒന്നാം തരം ചായയും ഇട്ട് എന്തെങ്കിലും പലഹാരങ്ങളും ഉണ്ടാക്കി വെക്കും.

അമേരിക്കയിലെ എല്ലാ ആശുപത്രികളിലും എപ്പോൾ വേണമെങ്കിലും കുടിക്കാനായി കാപ്പി യന്ത്രത്തിൽ ഉണ്ടാക്കിയതു സൗജന്യമായി കിട്ടും എന്നാലും അയാൾ നല്ല ഒന്നാം തരം ചായ ഉണ്ടാക്കി അവൾക്കു കൊടുത്തു വിടും. കാപ്പി അധികം കുടിച്ചാൽ കഫീൻ ശരിരത്തിൽ ചെന്നാൽ നല്ലതല്ലാ എന്നാണയാളുടെ അഭിപ്രായം. അതെല്ലാം കഴിഞ്ഞ് ആ വീടിന്റെ ഓരോ മുക്കും മൂലയും അയാൾ ഓരോ ദിവസവും വൃത്തിയാക്കികൊണ്ടിരിക്കും. ത്രിസന്ധ്യ ആകുമ്പോൾ അയാൾ നിബന്ധമായി പ്രാർത്ഥന നടത്തും. രാത്രി ആകുന്നതിന് മുമ്പ് അയാൾ അത്താഴം കഴിഞ്ഞിരിക്കും. രാത്രി ആയി, വൈകി ഭക്ഷണം കഴിക്കുന്നത് ആരോഗ്യത്തിന് നല്ലതല്ല എന്നാണ് അയാളുടെ പ്രമാണം. അങ്ങിനെ എല്ലാ കാര്യങ്ങളിലും വളരെ ചിട്ടയോടും അടുക്കോടും കൂടിയ അയാളുടെ ജീവിതം വളരെ ആകഷകമായിരുന്നു. കാലക്രമേണ അവളും അയാളുടെ ജീവിത രീതി പാലിക്കാൻ തുടങ്ങി.

അവൾ അയാളെ അച്ചായാ എന്നു വിളിക്കുമ്പോൾ തന്നെ അയാൾ കുളിരു കൊള്ളും. അയാൾക്ക് ഏറ്റവും ഇഷ്ടപെട്ട കാര്യമാണ് ഭാര്യ ഭർത്താവിനെ അങ്ങിനെ വിളിക്കുന്നത്. അവർ ഭാര്യാഭർത്താക്കന്മാർ ആയില്ല അതിനു മുമ്പായി തന്നെ അവൾ അങ്ങിനെ വിളിക്കാൻ തോന്നി. ഏകദേശം നാലു മാസത്തെ അവരുടെ ജീവിതം കഴിഞ്ഞപ്പോൾ തന്നെ, ഒരു രാത്രി അവൾ അയാളുടെ കിടപ്പുമുറിയിൽ കയറി ചെന്ന് അയാളെ ചുംബനം കൊണ്ടു പൊതിഞ്ഞു. അവൾക്ക് സന്തോഷം കൊണ്ട് വീർപ്പു മുട്ടി പോയിരുന്നു. അവളുടെ ജീവിതത്തിൽ ഒരിക്കലും പ്രതീക്ഷിക്കാത്ത സൗഭാഗ്യമാണ് കൈവന്നിരിക്കുന്നത്. അയാൾക്കു വേണ്ടി എന്തെല്ലാം ചെയ്താലും അവൾക്ക് മതിയാകത്തില്ലന്നായി.

പാശ്ചാത്യ രീതിയിൽ പെണ്ണുങ്ങൾ ചെയ്യുന്നതു പോലെയെല്ലാം എല്ലാം അവൾ കാമകേളികൾ ചെയ്തു തുടങ്ങി. അവൾക്കറിയാമയിരുന്നു അയാൾക്ക് അടക്കാൻ വയ്യാത്ത കാമം ഉണ്ടെന്ന്. അതെല്ലാം അയാൾ അടക്കി ഒതുക്കി കഴിയുകയാണെന്നും. അയാൾക്ക് അഭയം തന്ന അവൾക്കു വേണ്ടി എന്തെല്ലാം ചെയ്താലും മതിയാകത്തില്ല. അപ്രതീക്ഷിതമായി അവളുടെ പ്രവർത്തിയിൽ അയാൾ അത്ഭുത പരതന്ത്രനായി. അവളിൽ നിന്ന് ഒരിക്കലും അങ്ങിനെ സംഭവിക്കുമെന്നയാൾ തീരെപ്രതീക്ഷിച്ചതല്ല. ഒരു നന്മ ചെയ്തവനെ ഉള്ളത്തിൽ ഓർക്കണം പല നന്മ ചെയ്തവന്റെ പാദം ചുമക്കണം എന്ന രീതിയിലായിരുന്നു അവർ രണ്ടു പേരും.

അവളാണ് കാമകേളികൾ എല്ലാം ചെയ്തത്. അതു കഴിഞ്ഞപ്പോൾ അയാളുംതുടങ്ങി. അങ്ങിനെആരാത്രി മുഴുവനും ശിവരാത്രി പോലെ ഉറങ്ങാതെ ഭോഗപ്രക്രിയകളിൽ ഏപ്പെട്ടു. പിന്നീടുള്ള ദിവസങ്ങളിൽ എല്ലാം അത് തുടന്ന് കൊണ്ടിരുന്നു. എല്ലാ ദിവസവും അവളായിരുന്നു പാശ്ചാത്യ രീതികളിൽ തുടക്കമിട്ടത്. ഏകദേശം ഒരാഴ്ച കഴിഞ്ഞപ്പോൾ അയാൾക്കു തോന്നി അവൾക്കു വേണ്ടിയും അങ്ങിനെ എന്തെങ്കിലും ചെയ്യണമെന്ന്. അവൻ അവളോട് ആവശ്യപ്പെട്ടു; അവൾ അവനെ അവളുടെ കയ്യിലുള്ള നീല ചിത്രം കാണിച്ചിട്ട് അതു പോലെ ചെയ്യാൻ പറഞ്ഞു. അവന് ആദ്യം സ്വല്പം അറപ്പുണ്ടായിരുന്നെങ്കിലും അവൾ കൂടുതൽ കൂടുതൽ അതിൽ പുളകം കൊള്ളുന്നത് അയാൾക്ക് ഹരമായി. പിന്നെ എല്ലാ ദിവസവും അങ്ങിനെ ചെയ്യാൻ തുടങ്ങിയപ്പോൾ അയാൾക്കതിൽ യാതൊരു പ്രയാസവും തോന്നിയില്ല. പണ്ട് കന്നമ്മയുടെ അവിടെ പ്രശ്നം ഉണ്ടായത് ഇങ്ങിനെ ആയിരുന്നു. കൂടാതെ സ്വർണ്ണമ്മ ആരോഗ്യപരമായ മലയാളത്തിലുള്ള പല പുസ്തകങ്ങളും കൊണ്ടു കൊടുത്ത് അയാൾ വായിച്ചു മനസ്സിലാക്കി: ആരോഗ്യപരമായി അങ്ങിനെ ചെയ്യുന്നതുകൊണ്ട് യാതൊരു കുഴപ്പവുമില്ല. ഓരോ പ്രാവശ്യവും സ്വർണ്ണമ്മ പുളകിതയാകുന്നത് അയാളെ ഹർഷോന്മദനാക്കി. അവർ രണ്ടു പേരും പൂർണ്ണ നഗ്നരായി ആയിരുന്നു കാമകേളികൾ നടത്തിയിരുന്നത്. ആരോഗ്യ ശാസ്ത്രത്തിൽ പറഞ്ഞരിക്കുന്നതു പോലെ മൂന്നു നേരവും നഗ്നരായി: കുളിക്കുമ്പോൾ, ഉറങ്ങുമ്പോൾ, ഭോഗപ്രക്രിയകളിൽ ഏപ്പെടുമ്പോൾ. ആരോഗ്യകരമായി എങ്ങിനെയാണ് ഭോഗിക്കേണ്ടതെന്ന് ആ പുസ്തകത്തിൽ പറഞ്ഞിരിക്കുന്നതുപോലെ അവർ ചെയ്തു. അതിനു ശേഷം പൂർണ്ണ നഗ്നരായി രാത്രികൾ ഓരോന്നും കെട്ടിപ്പിടിച്ച് കിടന്നുറങ്ങി. അവർ പൂർണ്ണ ആരോഗ്യമുള്ളവരായി കഴിഞ്ഞു.

അവൾ അവന് നല്ല ഒരു പുത്തൻ കാർ വാങ്ങി കൊടുത്തു; മുഴുവൻ പണവും അടച്ച്. എന്നാലും അവന്റെ ആ പഴയ കാറു കൊണ്ടായിരുന്നു അയാൾ ജോലിക്കു പോയത്. ആ വീടിന്റെ വളരെ അടുത്തായിരുന്നു അയാളുടെ ജോലിസ്ഥലം; കേവലം നാലു മിനിട്ട് കാറിൽ യാത്ര. പെണ്ണൊരുമ്പെട്ടാൽ ആണിനെ കൊണ്ടും എന്തും ചെയ്യാൻ സാധിക്കുമെന്ന് അവൾ കാട്ടി.